പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5264 06.02.2014 -ൽ മറുപടിക്ക്

## മഞ്ചേരി - പെരിന്തൽമണ്ണ റൂട്ടിൽ കെ.എസ്.ആർ.ടി.സി. ഓർഡിനറി സർവ്വീസുകൾ

ചോദ്യം

ശ്രീമതി. കെ. കെ. ലതിക :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ മഞ്ചേരി - പെരിന്തൽമണ്ണ റൂട്ടിൽ കെ.എസ്.ആർ. ടി.സി. എത്ര സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | മഞ്ചേരി-പെരിന്തൽമണ്ണ റൂട്ടിൽ വിവിധ യൂണിറ്റുകളിൽ നിന്നായി 8 ടൗൺ ടു ടൗൺ ഓർഡിനറി സർവ്വീസുകൾ നടത്തുന്നുണ്ട്. പുറമെ ഒരു ഫാസ്റ്റ് പാസഞ്ചർ സർവ്വീസും 5 സൂപ്പർ ഫാസ്റ്റ് സർവ്വീസും ഈ റൂട്ടിൽ കൂടി കടന്നുപോകുന്നുണ്ട്. |
| (ബി) | പ്രസ്തുത റൂട്ടിൽ നിലവിൽ ഓർഡിനറി ബസുകൾ സർവ്വീസ് നടത്തുന്നുണ്ടോ എന്നും, ഇല്ലെങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കുമോ ; | (ബി) | പ്രസ്തുത റൂട്ടിൽ നിലവിൽ ടൗൺ ടു ടൗൺ സർവ്വീസുകൾ മാത്രമാണ് നടത്തി വരുന്നത്. വരുമാനക്കുറവാണ് കൂടുതൽ ഓർഡിനറി സർവ്വീസുകൾ നടത്താത്തതിന് കാരണം. |
| (സി) | പ്രസ്തുത റൂട്ടിൽ മുൻകാലങ്ങളിൽ സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസ്സുകൾ നിർത്തലാക്കിയത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ; | (സി) | മതിയായ യാത്രക്കാരെ ലഭിക്കാതെ വരുമാനം കുറയുമ്പോഴും ബസ് കുറയുമ്പോഴും അത്തരത്തിലുള്ള സർവ്വീസുകൾ താൽക്കാലികമായി നിർത്തലാക്കാറുണ്ട്. |
| (ഡി) | ഈ റൂട്ടിൽ നിലവിൽ സർവ്വീസ് നടത്തുന്ന ബസുകളുടെ ആവറേജ് പ്രതിദിന കളക്ഷൻ എത്രയെന്ന് വ്യക്തമാക്കുമോ ; | (ഡി) | മഞ്ചേരി-പെരിന്തൽമണ്ണ റൂട്ടിൽ ഓടുന്ന ടൗൺ ടു ടൗൺ സർവ്വീസുകൾക്ക് 11,885 രൂപ പ്രതിദിന ശരാശരി വരുമാനവും സൂപ്പർ ഫാസ്റ്റുകൾക്ക് 14,160 രൂപ പ്രതിദിന ശരാശരി വരുമാനവും ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾക്ക് 17,000 രൂപ പ്രതിദിന ശരാശരി വരുമാനവും ഉണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഈ റൂട്ടിൽ ഓർഡിനറി ബസുകൾ സർവ്വീസ് നടത്തുന്നതിന് നടപടി കൾ സ്വീകരിക്കുമോ ? | (ഇ) | മതിയായ വരുമാനം ലഭിക്കുമെന്ന് ഉറപ്പുണ്ടായാൽ മാത്രമെ കൂടുതൽ ഓർഡിനറി സർവ്വീസുകൾ നടത്തുന്ന കാര്യം പരിശോധിക്കുവാൻ കഴിയുക യുള്ളൂ. |

സെക്ഷൻ ഓഫീസർ